# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 425

05.02.2014-ലെ മറുപടിയ്ക്ക്

## കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ഡോ.എൻ. ജയരാജ്<br>ശ്രീ. പി.സി. ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുവോ ഇതുമായി ബന്ധപ്പെട്ട് എടുത്ത തീരുമാനങ്ങൾ വ്യക്തമാക്കുമോ ; | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തന വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഒട്ടനവധി മേഖലകളിലേയ്ക്ക് കോർപ്പറേഷൻ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങളിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി മാളയിൽ ചക്ക സംസ്ക്കരണശാല, വയനാട്ടിൽ റൈസ്മിൽ ഇവയുടെ നിർമ്മാണപ്രവർത്തനം നടന്നു വരുന്നു. പട്ടികജാതി വകുപ്പിന്റെ സ്വയം പര്യാപ്ത ഗ്രാമങ്ങൾ, ഹൈടെക്ക് കൾട്ടിവേഷനുവേണ്ടിയുള്ള ഗ്രീൻ ഹൗസുകളുടെ നിർമ്മാണം, ജൈവ പാഴ് വസ്തുക്കൾ സംസ്ക്കരിക്കുന്നതിലേയ്ക്കായി ബയോഗ്യാസ് പ്ലാന്റുകൾ, വിൻഡ് റോ കംബോസ്റ്റ് പ്ലാന്റുകൾ എന്നിവയും നിർമ്മിച്ചു നൽകുന്നു.<br><br>കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പരിശീലനം നൽകുന്നതിലേയ്ക്കായി പുനലൂരിൽ ഒരു കാർഷിക പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. അഗ്രോ ബസാറുകളുടെ പ്രവർത്തനം 7 ജില്ലകളിൽ ആരംഭിച്ചു. തിരുവനന്തപുരത്ത് അഗ്രിമാൾ തുടങ്ങുന്നതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. |
| (ബി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നോ; വ്യക്തമാക്കുമോ; | RIAB നെ ചുമതലപ്പെടുത്തിയിരുന്നു. പക്ഷേ വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അഭാവത്തിൽ പുനർധനവിനിയോഗത്തിലൂടെ കെയ്കോയ്ക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുകയുണ്ടായില്ല. |

(സി) പ്രസ്തുത ഏജൻസി നൽകിയ പ്രധാനപ്പെട്ട ശുപാർശകൾ എന്തെല്ലാമാണ് ;

RIAB നൽകിയ പ്രധാന ശുപാർശകൾ താഴെ ചേർക്കുന്നു.

1) അംഗീകൃത മൂലധനം ഇപ്പോഴത്തെ 500 ലക്ഷത്തിൽ നിന്നും 2500 ലക്ഷമാക്കുക.
2) ഗവൺമെന്റ് ലോൺ 603.78 ലക്ഷം രൂപയുടെ പലിശ മുക്തമാക്കുക. ലോൺ ഇക്വിറ്റി ആക്കി മാറ്റുക.
3) കെയ്കോയെ കൃഷി വകുപ്പിന്റെ കീഴിലുള്ള സ്കീമുകൾ നടപ്പാക്കുന്ന നോഡൽ ഏജൻസിയായി നിയമിക്കുക.
4) 26.81 ലക്ഷം രൂപ ഗ്യാരന്റി കമ്മീഷൻ ഇക്യുറ്റി ആക്കി മാറ്റുക.
5) എഫിഷെന്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുക.
6) ഡേറ്റാകൾ ഡിജിറ്റലൈസ് ചെയ്യുക.
7) കെയ്കോയെ കാർഷിക യന്ത്രവൽക്കരണത്തിനുള്ള ഒരു അപ്പക്സ് ഏജൻസിയായി മാറ്റുക.
8) വെയ്സ്റ്റ് മാനേജ്മെന്റിനു എക്കോഫ്രെണ്ടിലി ടെക്നോളജി ഉപയോഗിക്കുകയും ഇതിനായി ഡോണർ സപ്പോർട്ട് നേടുകയും ചെയ്യുക.
9) കമ്മ്യൂണിറ്റി പ്രോജക്ടുകൾ നടത്തുന്നതിന് LSGD യുമായി ജോയിന്റ് വെൺച്യൂർ ആക്കുക.
10) ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് മേഖലയിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
11) മാൻപവർ പുനർനിർണ്ണയം ചെയ്യുക.
12) മൊത്തം 733.99 ലക്ഷം രൂപ ബാദ്ധ്യതയുള്ളതിൽ 510.1 ലക്ഷം രൂപ ഗവൺമെന്റ് സഹായവും ബാക്കി കെയ്കോയുടെ വിറ്റുവരവിൽ നിന്നും കൊടുത്തു തീർക്കുക.
13) കാനറാബാങ്കുമായുള്ള OTS ന് ഗവൺമെന്റ് സപ്പോർട്ട് നൽകുക.
14) 500 ലക്ഷം രൂപയുടെ പ്രവർത്തന മൂലധനത്തിൽ 250 ലക്ഷം രൂപ സർക്കാർ സഹായവും ബാക്കി 250 ലക്ഷം രൂപ ബാങ്ക് വായ്പയായും സ്വരൂപിക്കുക.
15) മാനേജ്മെന്റ് സിസ്റ്റം ഡെവലപ്മെന്റിനു ട്രെയിനിംഗ് സഹായം നൽകുക.
16) അഗ്രോ ഫ്രൂട്ട് പ്രൊഡക്ട്സിന്റെ പുനരുദ്ധാരണത്തിനായി സാമ്പത്തിക സഹായം നൽകുക.

| | |
|---|---|
| (ഡി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് അനുഗുണമായ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | RIAB ന് പകരമായി സർക്കാർ നിർദ്ദേശിച്ച പ്രകാരം കോർപ്പറേഷൻ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഇതുവരെയും സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ